# ഉയരങ്ങളിലേക്ക്

## പഴങ്ങാലം എൽ.പി.എസ്സ്

## നല്ലില പി.ഒ

# School profiles

| | | |
|---|---|---|
| Name of the school | - | L.P.S, Pazhangalam |
| District | - | Kollam |
| Panchayath | - | Nedumpana |
| Village | - | Nedumpana |
| Ward No | - | 23 |
| Building No | - | |
| BRC | - | KUNDRA |
| CRC | - | MUTTAKKAVU |
| School code | - | 41634 |

# ഉള്ളടക്കം



| ക്രമ നമ്പർ | ഇനം | പേജ് നമ്പർ |
|---|---|---|
| 1 | സ്കൂൾ പ്രൊഫൈൽ | 2 |
| 2 | ആമുഖം | 4-5 |
| 3 | കാഴ്ചപ്പാട് | 6-7 |
| 4 | അദ്ധ്യാപകരെ സംബന്ധിച്ച വിവരങ്ങൾ | 8-9 |
| 5 | പൊതു ലക്ഷ്യങ്ങൾ | 10-12 |
| 6 | ദിനാചരണം | 13 |
| 7 | അക്കാദമിക പ്ലാൻ | 14-33 |
| 8 | പ്രവർത്തന വിശദാംശം | 32 |
| 9 | ഉപസംഹാരം | 33 |

# ആമുഖം

നെടുമ്പന പഞ്ചായത്തിലെ പഴങ്ങാലം വാർഡിലെ കേരളപുരം - വെളിയം റോഡിൻെറ വടക്കുഭാഗത്തായി പഴങ്ങാലം ശ്രീധർമ്മശാസ്താ ക്ഷേത്രത്തിൻേറയും പള്ളിവേട്ടക്കാവിൻെറയും മധ്യഭാഗത്തായി നിലകൊള്ളുന്ന നൂറിൽ അധികം വർഷം പഴക്കമുള്ള ഒരു സരസ്വതി വിദ്യാലയമാണ് ഇത്. ഈ വിദ്യാലയം പ്രീ. കെ. ഇ. ആർ ന് മുമ്പേ സ്ഥാപിതമായതാണ്. ഈ സ്കൂൾ നിലവിൽ വന്ന കാലത്ത് കുഴിമതിക്കാട് സ്കൂൾ മാത്രമാണ് ഉള്ളത് എന്നാണ് പറഞ്ഞുകേട്ടത്. അന്നത്തെ കാലത്ത് സാമ്പത്തികമായി പിന്നോക്കം നിന്നിരുന്ന പാവപ്പെട്ട തൊഴിലാളികളുടെ കുട്ടികൾക്കുവേണ്ടി പള്ളിക്കൽ വീട്ടിൽ മാധവൻപിള്ളയുടെ കഠിനമായ പരിശ്രമത്തിൻെറ ഫലമായി ഒരു നിലത്തെഴുത്ത് സ്ഥാപനമായാണ് ഈ സ്കൂൾ തുടങ്ങുന്നത്. അതിന് ശേഷം ഗവൺമെന്റ് സ്കൂളിന് അംഗീകാരം കിട്ടി. അദ്ദേഹത്തിൻെറ മരണശേഷം അദ്ദേഹത്തിൻെറ മകൻ രാഘവൻപിള്ള മാനേജരാകുകയും വളരെ നല്ലരീതിയിൽ സ്കൂൾ നടന്നു പോകുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ അദ്ദേഹത്തിൻെറ മരണശേഷം അദ്ദേഹത്തിൻെറ അനുജൻെറ മകനായ രാധാകൃഷ്ണപിള്ള മാനേജരായി നിലകൊള്ളുന്നു.

നമ്മുടെ സമൂഹത്തിൻെറ വളർച്ചക്കും വിദ്യാഭ്യാസപരമായ വളർച്ചക്കും ധാരാളം സഹായങ്ങൾ നൽകിയ സ്ഥാപനമാണിത്. താഴെ തട്ടിലുള്ള ഒരുപാട് വിദ്യാർത്ഥികൾ പഠിച്ചുപോവുകയും സാഹിത്യപരമായും, സാമൂഹ്യപരവുമായും ഉയർന്ന തസ്തികകളിൽ ജോലി ചെയ്ത് അനേകം പ്രശസ്തരെ സൃഷ്ടിക്കാൻ

കഴിഞ്ഞിട്ടുണ്ട്. അന്നത്തെ കാലത്ത് നാണൂറിലധികം കുട്ടികൾ പഠിച്ചിരുന്ന ഒരു വിദ്യാലയമാണിത്. 2010 വരെ ഇത് തുടർന്നു. പിന്നീട് സമീപത്തുള്ള അൺ-എയ്ഡ് സ്കൂളുകൾ കൂടുതലായതും കാലപ്പഴക്കം കൊണ്ടുള്ള ഭൗതിക സൗകര്യക്കുറവും കുട്ടികൾ ഗണ്യമായി കുറയാൻ കാരണമായി. സമീപവാസികളും വിവിധ ജാതിമതസ്ഥരുമായ പല അധ്യാപകരും ഇവിടെ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഇപ്പോൾ ഇവിടെ 4 അധ്യാപകരും പ്രീപ്രൈമറിയിൽ 2 പേരും സേവനമനുഷ്ഠിക്കുന്നു. ഒരു ആയയും ഇവിടെയുണ്ട്. ഈ സ്കൂളുകളിൽ നിന്നും പഠനം പൂർത്തിയായിപ്പോയി ഉന്നത നിലയിൽ എത്തിയ പലരുമുണ്ട്. പഞ്ചായത്ത്തല മെട്രിക്ക് മേളയില് 4 ക്ലാസുകളിലെ കുട്ടികൾക്ക് ട്രോഫി നേടുവാൻ കഴിഞ്ഞിട്ടുണ്ട്.

## കാഴ്ചപ്പാട്

ഈ വിദ്യാലയത്തിലെ മുഴുവൻ കുട്ടികളേയും മികവിലേക്ക് എത്തിക്കുന്നതിന് ഇനിയും ഏറെ പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകുവാനുണ്ട്. അക്കാദമികവും, ഭൗതികവുമായ മാറ്റങ്ങൾ അനിവാര്യമാണ്.

1. ശിശു സൗഹൃദ വിദ്യാലയം പ്രാവർത്തികമാക്കുക
2. ആകർഷികവും അനുഭവവേദ്യവുമായ പഠനപ്രവർത്തനങ്ങൾ ഒരുക്കുക
3. ശുചിത്വ വിദ്യാലയമെന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനുവേണ്ടി പ്ലാസ്റ്റിക്ക് നിർമ്മാർജനം ചെയ്യുക.
4. കുടിവെള്ള സംവിധാനം ശക്തിപ്പെടുത്തുക.
5. മദ്യത്തിനും മയക്കുമരുന്നിനുമെതിരെ ബോധവൽക്കരണക്ലാസ് നടത്തുന്നു
6. ജൈവ വൈവിധ്യ പാർക്കിൻെറ ആവശ്യകത.
7. ഐ. സി.റ്റി സാധ്യത ശക്തിപ്പെടുത്തുക
8. പ്രവർത്തി പരിചയത്തിനും, ചിത്രരചന, സംഗീതം ഇവയിൽ പ്രഗത്ഭരായ വ്യക്തികളെകൊണ്ട് കുട്ടികളുടെ
   അഭിരുചിക്കനുസരിച്ച് ക്ലാസുകൾ നടത്തുന്നു.
9. ഭിന്നശേഷിക്കാരേയും, പിന്നോക്കം നിൽക്കുന്ന കുട്ടികളേയും ഉൾപ്പെടുത്തി ശ്രദ്ധ, മലയാളത്തിളക്കം
   എന്നിവയിലൂടെ മികവിലേക്ക് നയിക്കുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു.
10. സമീപത്തുള്ള മുഴുവൻ കുട്ടികളേയും വിദ്യാലയത്തിൽ എത്തിക്കകെ.
11. രക്ഷിതാക്കളും, വിദ്യാലയവുമായി ഊഷ്മബന്ധം വളർത്തുക.
12. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിഗണന നൽകുന്ന വിധത്തിൽ
    പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.

13. സി.ഡബ്ല്യു.എസ്.എൻ കുട്ടികൾക്ക് ഉതകുന്ന തരത്തിൽ പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
14. കായികക്ഷമത ഉറപ്പുവരുത്തുന്നതിന് പ്രവർത്തനങ്ങൾ നൽകുന്നതിന് അനുയോജ്യമായ വിധത്തിൽ
കളിസ്ഥലമൊരുക്കി സ്കൂൾ കോമ്പൗണ്ട് വികസിപ്പിക്കുക.
15. എല്ലാ ക്ലാസിലേക്കും നല്ല ഇരിപ്പിട സൗകര്യം ആവശ്യത്തിന് നിർമ്മിക്കുക.
16. എൽ. എസ്. എസ് പോലെയുള്ള മത്സര പരീക്ഷകളിൽ മികച്ച വിജയം നേടാൻ കഴിയുക
17.ലാബ്, ലൈബ്രറി സംവിധാനം ശക്തമാക്കുക
18. ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.
19. ആവശ്യമായ പഠന ഉപകരണങ്ങളും, ഹൈടെക് ക്ലാസ്റൂം ഉണ്ടാക്കണം
20. ചുറ്റുമതിലും, ആകർഷകമായ രീതിയിൽ പൂന്തോട്ട നിർമ്മാണവും നടത്തുക. ഔഷധച്ചെടി, കുറ്റിമുല്ല
ഇവ നട്ടുവളർത്തുക.

## അധ്യാപകരെ സംബന്ധിച്ച വിവരങ്ങൾ

| | | |
|---|---|---|
| സ്കൂളിൻെറ പേര് | : | എൽ . പി . എസ് പഴങ്ങാലം |
| ബി. ആർ. സി | : | കുണ്ടറ |
| ആകെ അധ്യാപകർ | : | 4 |
| എച്ച്. എം | : | 1 |
| എൽ. പി. എസ്. എ അധ്യാപകര് | : | 3 |
| അറബ് അധ്യാപകർ | : | 1 |

| ക്രമ നമ്പർ | ടീച്ചറുടെ പേര് | പുരുഷൻ/ സ്ത്രീ | തസ്തിക | യോഗ്യതയും സർവ്വീസ് ദൈർഘ്യവും | പരിശീലനം സംബന്ധിച്ച വിശദാംശം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | ശോഭ ഇ. മാത്യു | സ്ത്രീ | HM | MA, BEd | എല്ലാ വിഷയവും | |
| 2 | ഷീബ മാമച്ചൻ | സ്ത്രീ | LPSA | TTC | എല്ലാ വിഷയവും | |
| 3 | അനീസ.എ | സ്ത്രീ | ARABIC | Afsal Ul-ulama priliminary | എല്ലാ വിഷയവും | Diployed |
| 4 | ശ്രീരാജ് ആർ.വി | പുരുഷൻ | LPST | B.COM TTC | എല്ലാ വിഷയവും | Daily wages |
| 5 | വിശാഖ് ആർ. ജെ | പുരുഷൻ | LPST | TTC | എല്ലാ വിഷയവും | Daily wages |

പ്രീപ്രൈമറി ടീച്ചർ : മിനി.കെ (UKG)
ശശികല (LKG)

പാചകതൊഴിലാളി : സരസമ്മ

## പൊതുലക്ഷ്യം

1.പൂർണ്ണമായും ശിശുകേന്ദ്രീകൃതമായി സ്കൂളിലെ വിദ്യാർത്ഥി സമീപനരീതി ആധുനിക പരിഷ്കരിക്കുകയും അതനുസരിച്ച് അദ്ധ്യാപക പരിശീലനം സംഘടിപ്പിക്കുകയും അത് കുട്ടികൾ ആർജ്ജിച്ചു എന്ന് ഉറപ്പ് വരുത്തുകയും ചെയ്യുക.

2. പഠനവിഷയങ്ങളിൽ ആശയദൃഢത ഉണ്ടക്കുക.(കണക്ക്,സയൻസ്,ഐ.ടി വിഷയങ്ങളിൽ ധാരണയും കഴിവും നേടുക.

3. പാഠ്യേതര വിഷയങ്ങളിൽ വൈവിധ്യം ആർജിക്കുക.

4. സാമൂഹ്യ രംഗത്തെ ധാരണ, പരിസ്ഥിതി ജ്ഞാനം തുടങ്ങിയവ കൈവരിക്കുക.

5.ഓരോ കുട്ടിയേയും ചുരുങ്ങിയത് മൂന്ന് ഭാഷകളിലെങ്കിലും ഭാഷ ജ്ഞാനവും, ആശയവിനിമയ ശേഷിയും നേടുക.

6.കുട്ടികളുടെ കഴിവ് കേവലം വിഷയ പഠനത്തിൽ ഒതുങ്ങാതെ സർഗ്ഗപരമായ എല്ലാ കഴിവുകളും വികസിപ്പിക്കുന്ന രീതിയിൽ സമഗ്രവികസനം ഉറപ്പുവരുത്തുക.

7.കാർഷിക സംസ്കാരം വളർത്തിയെടുക്കുക.

8.മാലിന്യ നിർമ്മാർജ്ജനം, പ്ലാസ്റ്റിക്ക വിമുക്തം, കീടനാശിനി വിമുക്ത സംസ്കാരം വളർത്തിയെടുക്കുക.
9.പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകി ഉയർന്ന നിലവാരത്തിൽ എത്തിക്കുക
10.സ്കൂൾ വായനശാല പ്രയോജനപ്രദമാക്കുക.
11.പൊതു സമൂഹത്തിൻെറ പിൻബലവും പിന്തുണയും പങ്കാളിത്തവും ഉറപ്പുവരുത്തുക.
12.ഐ. സി.ടി സാധ്യതകൾ പരമാവധി ഉപയോഗപ്രദമാക്കുക
13.വായനയെ പരമാവധി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ വികസിപ്പിച്ചുകൊണ്ട് ബോധവൽക്കരണ പരിപാടികളിലൂടെ കുട്ടികളുടെ മാനസിക പിരിമുറുക്കം ഇല്ലാതാക്കുക.
14.സർഗ്ഗവാസനകളിൽ മികവുണ്ടാക്കുന്നതിന് അവസരം സൃഷ്ടിക്കുക.
15.കുട്ടികളുടെ കായികക്ഷമത വർദ്ധിക്കുന്നതിന് സഹായമായവ ചെയ്യുക.
16.പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പിന്തുണയും, പ്രോത്സാഹനവും നൽകുക.
17.കലാ-കായിക പ്രവർത്തിപരിചയ വിദ്യാഭ്യാസത്തിന് അനുഗുണമായ ഭൗതിക സാഹചര്യങ്ങൾ സൃഷ്ടിക്കുക

18.പി.ടി.എ), എം.പി.ടി.എ), പൂർവ്വ വിദ്യാർത്തികൾ, പ്രാദേശിക സന്നദ്ധ സംഘടനകൾ, ക്ലബുകൾ എന്നിവയെ സ്കൂൾ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുക.
19.പാഠ്യേതര മികവ് ഉയർത്തുന്നതിനാവശ്യമായ ഭൗതിക -മാനസിക സംസ്കാരിക സൗകര്യങ്ങൾ ഒരുക്കുക
20.മദ്യപാനം , മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം തലമുറയിൽ നിന്ന് ഒഴിവാക്കുവാനുതകുന്ന തരത്തിൽ ഇടപെടലുകൾ നടത്തുക.
21.സ്കൂൾ തലത്തിൽ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് ഇല്ലാത്തഅവസ്ഥ നേടുന്നതിന് പര്യാപ്തമായവ ചെയ്യുക
22.സ്കൂൾ കുട്ടികൾക്ക് കൗൺസലിങ്ങ് സൗകര്യങ്ങൾ ഉണ്ടാക്കുക
23.തനതായ ഒരു ജനകീയ വിദ്യാഭ്യാസ മാതൃക കേരളത്തിൽ സൃഷ്ടിക്കുക.
24.പൊതു വിദ്യാലയങ്ങളുടെ പ്രസക്തി വീണ്ടെടുക്കുന്നതിനായി അദ്ധ്യാപക-രക്ഷകർത്യ സംഘടനകൾ, പാർ വിദ്യാർത്ഥി സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ കാലോചിതമായ വികസനം ഉറപ്പാക്കുക.
25.സ്കൂൾ വായനശാലകളൂം, ലബോർട്ടറികളും ആധുനിവത്കരിക്കുക.

## ദിനാചരണം

1. ദേശിയ ദിനാഘോഷങ്ങൾ ജനപ്രതിനിധികളുടേയും പി.ടി.എയുടേയും

സഹകരണത്തോടെ.

2.ദിനാചരണങ്ങൾ അതിൻേറതായ പ്രാധാന്യത്തോടെ രക്ഷിതാക്കളുടെ പങ്കാളിത്തത്തിൽ

പഠന പിന്നോക്കാവസ്ഥ പരിഹരിക്കൽ

മലയാളം, ഇംഗ്ലീഷ് ഭാഷകളിൽ പിന്നോക്കാവസ്ഥയിലുള്ള കുട്ടികളെ പ്രീടെസ്റ്റ് നടത്തി കണ്ടെത്തി അവർക്ക് ആവശ്യമുള്ള പരിഹാര ബോധനം ഒഴിവുസമയങ്ങളിൽ നൽകുന്നു. ഗണിതം, പരിസര പഠനം എന്നിവയിൽ പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം ശ്രദ്ധയും ബോധനവും.

## ഒന്നാം ക്ലാസ് ഒന്നാംതരം

സ്മാർട്ട ക്ലാസ്റൂമിൻെറ സഹായം ഉണ്ടെങ്കിൽ പഠനം അനായാസമാക്കാം ഐ.സി.റ്റി സാധ്യതയിലൂടെ പഠനത്തിൽ കുട്ടികളെ പങ്കാളികളാക്കുന്നു.

## അസംബ്ലി

ആഴ്ചയിൽ 2 ദിവസം സാധാരണ അസംബ്ലിയും ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലിയും ചിട്ടയായി നടത്തവരുന്നു, ഇംഗ്ലീഷ് അസംബ്ലി പ്രയറും, പ്ലഡ്ജ്, ന്യൂസ് റീഡിംഗ്, ക്വിസ്പ്രോഗ്രാം , ആക്ഷൻ സോംഗ്, റൈം, എ വേഡ് എ ഡേ, എന്നിവ നടത്തുന്നു. ഒരു മാസമാകുമ്പോൾ എ വേഡ് എ ഡേയുടെ ടെസ്റ്റ് നടത്തി വിജയികളായവർക്ക് സമ്മാനം നൽകിവരുന്നു. നിരന്തര മൂല്യനിർണ്ണയവും ടേം മൂല്യനിർണ്ണയവും ചിട്ടയായി നടത്തപ്പെടുന്നു. സി.പി.ടി.എ, പി.ടി.എ എന്നിവ കൃത്യമായ ഇടവേളകളിൽ നടത്തുകയും രക്ഷിതാക്കളെ ബോധവത്ക്കരിക്കുകയും ചെയ്യുന്നു.

## അക്കാദമിക പ്രവർത്തനങ്ങൾ

# അക്കാദമിക പ്രവർത്തനങ്ങൾ

ഭാഷാ വികാസം

വിഷയം - മാതൃഭാഷ

ലക്ഷ്യങ്ങൾ

1. ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ
2.എല്ലാ കുട്ടികളും അർത്ഥ പൂർണ്ണമായി വായിക്കുന്നു എന്നും എഴുതുന്നു എന്നും ഉറപ്പാക്കുക.
3.മാതൃഭാഷയിൽ മികച്ച നിലയിൽ ആശയവിനിമയം നടത്തുന്നതിനുള്ള ശേഷി നേടി എന്നുറപ്പാക്കുക.
4.വായനയിലൂടെ ഭാഷാ ശേഷി വികസിപ്പിക്കുക
5.സർഗ്ഗാത്മക ശേഷി വികസിപ്പിക്കുക
6.സാഹിത്യ അഭിരുചി വളർത്തുക
7.ഭാഷാ ശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യകളെ ഉപയോഗപ്പെടുത്തുക

ഈ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് സമയബന്ധിതമായി നടപ്പാക്കുന്നതിന് തീരുമാനിച്ചു.

പ്രവർത്തനങ്ങൾ

1.മലയാളത്തിളക്കം, ശ്രദ്ധ എന്നീ പ്രവർത്തനങ്ങൾ നടത്തുന്നു.
2.വായനാകാർഡുകൾ (ഓരോ ക്ലാസ്സിലേക്കും അനുയോജ്യമായവ )

തയ്യാറാക്കുന്നു.
3.ഓരോ ക്ലാസ്സ് മുറിയിലും വായനശാല, ക്ലാസ് ലൈബ്രറി സ്ഥാപിക്കുന്നു.
4.വായനക്കൂട്ടം രൂപീകരിക്കുന്നു.
5.ആഴ്ചയിൽ ഒരു പുസ്തകം വീതം വായനയ്ക്ക് നൽകുന്നു, വായനക്കുറിപ്പ് തയ്യാറാക്കുന്നു.
6.അക്ഷരങ്ങൾ തിരിച്ചറിഞ്ഞ് പദങ്ങൾ വായിക്കൽ.
7.ചിത്രം അടിക്കുറുപ്പ് എഴുതൽ.
8.അടയാളങ്ങൾക്ക് ഊന്നൽ നൽകി വാക്ക് വായന.
9.ശബാദവും, ലിപിരൂപവും പൊരുത്തപ്പെടുത്തി വാക്യങ്ങൾ , പദങ്ങൾ, അക്ഷരങ്ങൾ എന്നിവ തിരിച്ചറിഞ്ഞ് വായിക്കൽ
10.അസംബ്ലിയിൽ കഥ വായിക്കൽ.
11.പത്രം അസംബ്ലിയിൽ വായിക്കൽ.
12.അക്ഷരക്കാർഡുകൾ നൽകൽ.
13.ചിത്രത്തിലുള്ളത് പറയൽ
14.വായനാക്കുറിപ്പ് വായിക്കൽ

# മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങള്

മേഖല - അക്കാദമികം

ഉപമേഖല - മലയാളം

| ക്രമ നമ്പർ | പ്രവർത്തനങ്ങള് | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. | കുഞ്ഞുവായന:-പ്രീ ടെസ്റ്റ് , ലോക്കൽ ടെസ്റ്റ് നിർമ്മാണം അക്ഷരപ്പാട്ടുകൾ - ശേഖരണം അക്ഷര ചിത്ര- വാക്യ കാർഡുകള് | വായന പരിപോഷണം (കുഞ്ഞുവായന) | ജൂൺ- ആഗസ്റ്റ് | ക്ലാസ് ടീച്ചർ പി. ടി.എ | |
| 2. | ഉപയോഗിച്ചുള്ളവായന. കുട്ടികഥകൾ, കവിതകൾ, ബാലമാസികകൾ, സംഭാഷണ കവിതകൾ, വായനാമൂല- ക്ലാസ് ലൈബ്രറി സമ്പന്നമാക്കൽ. പിയർഗ്രൂപ്പ് രൂപീകരിക്കൽ ഐ.സിസ.റ്റി ഉപയോഗം- അസംബ്ലിയിൽപത്രവായന കഥാപുരാണം-ചിന്താവിഷയം- കവിതാപുരാണം-ക്വിസ് സംഭാഷണകവിതകൾ- | മലയാള അക്ഷരങ്ങളും , ചിഹ്നങ്ങളും സ്വായത്തമാക്കിയുള്ള വായന. | | | |
| 3. | വായനാക്കുറിപ്പ് പോസ്റ്റർ ചുമർപത്രിക - പതിപ്പ് | വ്യക്തിഗത രചനകൾ | 1വർഷം | ടീച്ചർ | |
| 4. | പതിപ്പ് നിർമ്മാണം- കഥ,പാട്ട്, ചിത്രങ്ങൾ,വാർത്ത- ചിത്ര ശേഖരം-ആൽബം | വാക്കുകളും വാക്യങ്ങളും ഉൾപ്പെടുത്തി വ്യക്തിഗത രചനകൾ | ഓഗസ്റ്റ്- നവംബർ | ക്ലാസ് ടീച്ചർ രക്ഷിതാക്കൾ | |
| 5. | വിവിധ കലാപരിപാടികളിടെ അവതരണം കഥാ,കഥനം- മാഗസ്സിനുകൾ - ചിത്രരചന -ബാലസഭ- ആംഗ്യപ്പാട്ടുകൾ- ദിന് ചരണം- നൃത്തം- മലയാള രചനാ ശില്പശാല കടങ്കഥ, കഥ,കവിത, നാടകം | സർഗ്ഗാത്മക രചനകൾ പഠനനേട്ടങ്ങൾ ഉണ്ടാക്കുന്നതിനായുള്ള | 3വർഷം<br>3 വർഷം | ക്ലാസ് ടീച്ചർ പി. ടി.എ | |

| | | | | | |
|---|---|---|---|---|---|
| 6. | അക്ഷരച്ചെപ്പ്<br>ലൈബ്രറി നവീകരണം | ശേഖരങ്ങൾ<br>സർഗ്ഗാത്മക പ്രകടനങ്ങൾ | | ക്ലാസ് ടീച്ചർ<br>പി. ടി.എ) | |
| 7. | | ആവിഷ്കാര പ്രകടിത<br>രൂപങ്ങളുടെ അവതരണം | | | |
| | വായനാകുറിപ്പ്<br>അവതരിപ്പിക്കൽ | ക്ലാസ് മുറിയിൽ<br>രൂപപ്പെട്ടവ | 1 വർഷം | | |
| 8. | | | 1 വർഷം | ക്ലാസ് ടീച്ചർ | |
| 9. | | മുഴുവൻ കുട്ടികളേയും<br>അക്ഷരം പഠിപ്പിച്ച്<br>വായനയിലേക്ക് നയിക്കുക | | | |
| 10. | | കുട്ടികളുടെ നിലവാരം<br>അനുസരിച്ച്<br>വായനാസാമഗ്രി | | ക്ലാസ് ടീച്ചർ | |

## വിഷയം - പരിസരപഠനം
## അക്കാദമിക പ്രവർത്തനങ്ങൾ, ലക്ഷ്യങ്ങളും

**ലക്ഷ്യങ്ങൾ**

1. കരിക്കുലം വിഭാവനം ചെയ്യുന്ന ശാസ്ത്രത്തിൻെറ രീതി സ്വായത്തമാക്കാനുള്ള അനുഭവങ്ങൾ കണ്ടെത്തുക.
2. ശാസ്ത്ര പഠനത്തിൽ താൽപര്യം വളർത്തുക.
3. ശാസ്ത്ര പ്രക്രിയ ശേഷികൾ വികസിക്കുക.
4. ശാസ്ത്ര ലാബ് സജ്ജമാക്കുക.
5. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യകൾ ശാസ്ത്ര പഠനത്തിന് പ്രയോജനപ്പെടുത്തുക.
6. കുട്ടികളിൽ പാരിസ്ഥിതികാബോധം സൃഷ്ടിക്കുക.

ഈ ലക്ഷ്യങ്ങൾ നേടുന്നതിന് പര്യാപ്തമായ പ്രവർത്തനങ്ങൾ എസ്.ആർ.ജി. യിൽ ചർച്ച ചെയ്ത് തീരുമാനിച്ചു. പ്രവർത്തനങ്ങൾ താഴെ കൊടുക്കുന്നു:-

1. പ്രകൃതിയാത്ര, പരിസര നിരീക്ഷണത്തിൽ ഏർപ്പെടൽ. സസ്യങ്ങളുടെ പട്ടിക തയ്യാറാക്കി അവയെ മാനദണ്ഡങ്ങൾക്കനുസരിച്ച് തരം തിരിക്കുന്നു.
2. ഇല, പൂക്കൾ, വിത്ത് ശേഖരിച്ച് ആൽബം തയ്യാറാക്കുന്നു.
3. ക്ലാസ് റൂം പ്രവർത്തനങ്ങൾക്ക് ജൈവ വൈവിധ്യ പാർക്ക്

പ്രയോജനപ്പെടുത്തുന്നു.
4.ക്ലാസ്സുകളിൽ ശാസ്ത്രമൂല ഒരുക്കുന്നു.
5.സസ്യ സംരക്ഷണപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
6.ഔഷധസസ്യത്തോട്ടം നിർമ്മിക്കുന്നു.
7.മഴക്കുഴി നിർമ്മാണം, പരിസ്ഥിതി, കൃഷി സംരക്ഷണ ബോധവൽക്കരണം
8.പരിസ്ഥിതി കവിതകളും ലേഖനങ്ങളും ശേഖരിക്കൽ
9.പരിസ്ഥിതി മലിനീകരണം, പ്രകൃതി നശിപ്പിക്കൽ എന്നിവ സമൂഹത്തിൻെറ ശ്രദ്ധയിൽ പെടുത്തുന്നു.
10.ജലസ്രോതസുകൾ, കുന്നുകൾ,വയലുകൾ, മാവുകൾ, തണ്ണീർത്തടങ്ങൾ ഇവ സന്ദർശിക്കാൻ അവസരം നൽകുന്നു.
11.ലൈബ്രറി ശാക്തീകരണം
12.ശാസ്ത്രമൂല ക്രമീകരിക്കുന്നു, പാഠഭാഗവുമായി ബന്ധപ്പെട്ട എല്ലാ പരീക്ഷണങ്ങളും ചെയ്ത ശേഷം അവയുടെ വിവിധ ഘട്ടങ്ങൾ വ്യക്തതയോടെ എഴുതുന്നു.
13.ശാസ്ത്ര ലാബ് ഒരുക്കൽ- എല്ലാ കുട്ടികൾക്കും പരീക്ഷണങ്ങൾ ചെയ്യാൻ അവസരം ഒരുക്കുന്നു.
14.ശാസ്ത്ര മാഗസ്സിൻ തയ്യാറാക്കൽ.
15.ദിനാചരണങ്ങൾ നടത്തുന്നു.

മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

സമഗ്ര ഗുണമേന്മാ വിദ്യാലയ വികസന പരിപാടിക്കായി തയ്യാറാക്കിയ

മേഖല - അക്കാദമികം

ഉപമേഖല - പരിസരപഠനം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങള് | ചുമതല | കാലയളവ് | സാമ്പത്തികം |
|---|---|---|---|---|---|
| 1. | നിരീക്ഷണം , താരതമ്യം വർഗ്ഗീകരണം, പരീക്ഷണം, നിഗമനം തുടങ്ങിയ പ്രക്രിയ ശേഷിയിലൂടെ ശാസ്ത്രപഠനം സാധ്യമാക്കുന്നതിനും പഠന താൽപര്യം വളർത്താനും | ശാസ്ത്രമൂല ഒരുക്കൽ വിവിധ പഠന പ്രവർത്തനങ്ങൾക്കാവശ്യമായ സാമഗ്രികൾശേഖരിക്കല്. വാർത്തകള്, ചിത്രങ്ങൾ, പരീക്ഷണ സാമഗ്രികൾ, തൂവാലകൾ, പഴങ്ങൾ, പച്ചക്കറികൾ, വിത്തുകൾ, ശാസ്ത്ര പുസ്തകങ്ങൾ. | ശാസ്ത്രാധ്യപിക, പി.ടി.എ, എസ്.ആർ.ജി<br>ശാസ്ത്രാധ്യപിക, പി.ടി.എ, എസ്.ആർ.ജി | 1 വർഷം | |
| 2. | ലഘു പരീക്ഷണങ്ങളുടെ ശാസ്ത്രീയകണ്ടുപിടിത്തങ്ങളെ പ്രോത്സാഹിപ്പിക്കുക. | ഔഷധത്തോട്ടം, ഉദ്യാന നിർമ്മാണം, പച്ചക്കറി തോട്ടം, ജൈവവൈവിധ്യ പാർക്ക്, ലഘുപരീക്ഷണം<br>- കണ്ടെത്തൽ<br>-ക്ലാസിൽ ചെയ്യൽ<br>- പരീക്ഷണ സാമഗ്രി ശേഖരം | ശാസ്ത്രാധ്യപിക, പി.ടി.എ | 2വർഷം | |
| 3. | ഹരിത വിദ്യാലയം | പരിസരപഠനം മെച്ചപ്പെടുത്തുന്നതിന് വേണ്ടി പച്ചക്കറിത്തോട്ടം ജൈവവൈവിധ്യ ഉദ്യാനം വിപുലീകരിക്കുന്നു. | ശാസ്ത്രാധ്യപിക | 1വർഷം | |
| 4. | യോഗക്ലാസ് | ആരോഗ്യം മെച്ചപ്പെടുത്താൻ വേണ്ടി ആഴ്ചയിൽ ഒരിക്കൽ യോഗക്ലാസ് നടത്തുക | | 2വർഷം | |

## ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട് ദീർഘകാലാടിസ്ഥാനത്തില് ലക്ഷ്യമിടുന്ന പദ്ധതികൾ

| ക്രമ നമ്പർ | പ്രവർത്തനങ്ങള് | ചുമതല | കാലം | ലക്ഷ്യം | സാമ്പത്തികം |
|---|---|---|---|---|---|
| 1. | ലബറിവിര്ദ്ധ വിദ്യാലയമാക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങള്. മദ്യത്തിനും, മയക്കുമരുന്നിനും എതിരായ നയം പ്ലാസ്റ്റക്ക് നിർമ്മാർജനം, ആവശ്യമായ പ്രവർത്തനം | വിദ്യാർത്ഥികള്, അദ്ധ്യാപകർ, സയൻസ് ക്ലബ്, മറ്റ് ഏജൻസികള്. | 2Year | | |
| 2. | പ്ലാസ്റ്റിക്ക് വിരുദ്ധ സ്കൂളായി പ്രഖ്യാപിക്കൽ | പൂർവ്വ വിദ്യാർത്ഥികള്, അദ്ധ്യാപകർ, സയൻസ് ക്ലബ്, പഞ്ചായത്ത് ഭാരവാഹികൾ, രാഷ്ട്രീയ സംസ്കാരിക പ്രമുഖർ | | | |
| 3. | കുട്ടി ശാസ്ത്രജ്ഞരെ വാർത്തെടുക്കല്. സയൻസ് ക്വിസുകൾ പഠനയാത്രകൾ ശാസ്ത്ര പരീക്ഷകളിൽ പങ്കെടുക്കല് | TRS, PTA, SRG, MPTA | 2 year | | |

മേഖല - അക്കാദമികം

ഉപമേഖല - പരിസരപഠനം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങള് | ചുമതല | കാലയളവ് | സാമ്പത്തികം |
|---|---|---|---|---|---|
| 1. | നിരീക്ഷണം , താരതമ്യം വർഗ്ഗീകരണം, പരീക്ഷണം, നിഗമനം തുടങ്ങിയ പ്രക്രിയ ശേഷിയിലൂടെ ശാസ്ത്രപഠനം സാധ്യമാക്കുന്നതിനും പഠന താൽപര്യം വളർത്താനും | ശാസ്ത്രമൂല ഒരുക്കൽ വിവിധ പഠന പ്രവർത്തനങ്ങൾക്കാവശ്യമായ സാമഗ്രികൾശേഖരിക്കല്. വാർത്തകള്, ചിത്രങ്ങൾ, പരീക്ഷണ സാമഗ്രികൾ, തൂവാലകൾ, പഴങ്ങൾ, പച്ചക്കറികൾ, വിത്തുകൾ, ശാസ്ത്ര പുസ്തകങ്ങൾ. | ശാസ്ത്രാധ്യാപിക, പി.ടി.എ, എസ്.ആർ.ജി | 1 വർഷം | |
| 2. | ലഘു പരീക്ഷണങ്ങളുടെ ശാസ്ത്രീയകണ്ടുപിടിത്തങ്ങളെ പ്രോത്സാഹിപ്പിക്കുക. | ഔഷധത്തോട്ടം, ഉദ്യാന നിർമ്മാണം, പച്ചക്കറി തോട്ടം, ജൈവവൈവിധ്യ പാർക്ക്, ലഘുപരീക്ഷണം<br>- കണ്ടെത്തൽ<br>-ക്ലാസിൽ ചെയ്യൽ<br>- പരീക്ഷണ സാമഗ്രി ശേഖരം | ശാസ്ത്രാധ്യാപിക, പി.ടി.എ, എസ്.ആർ.ജി<br>ശാസ്ത്രാധ്യാപിക, പി.ടി.എ<br>ശാസ്ത്രാധ്യാപിക | 2വർഷം | |
| 3. | ഹരിത വിദ്യാലയം | പരിസരപഠനം മെച്ചപ്പെടുത്തുന്നതിന് വേണ്ടി പച്ചക്കറിത്തോട്ടം ജൈവവൈവിധ്യ ഉദ്യാനം വിപുലീകരിക്കുന്നു. | | 1വർഷം | |
| 4. | യോഗക്ലാസ് | ആരോഗ്യം മെച്ചപ്പെടുത്താൻ വേണ്ടി ആഴ്ചയിൽ ഒരിക്കൽ യോഗക്ലാസ് നടത്തുക | | 2വർഷം | |

**മേഖല - അക്കാദമികം** **ഉപമേഖല-ഇംഗ്ലീഷ്**

1 മുതൽ 4 വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് ഇംഗ്ലീഷിൽ സംസാരിക്കുവാനും എഴുതുവാനും വായിക്കുവാനുള്ള കഴിവ് വളർത്തിയെടുക്കുകയും അതുവഴി ഇംഗ്ലീഷ് ഭാഷ അനായാസം കൈകാര്യം ചെയ്യുവാൻ കഴിയുന്നവരായി മാറ്റുകയും ചെയ്യും എന്ന ലക്ഷ്യത്തോടെ,

<u>ലക്ഷ്യങ്ങൾ</u>

1.1 മുതൽ 4 വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് ഇംഗ്ലീഷ് പഠനത്തിൽ താൽപര്യം ജനിപ്പിക്കുക.

2.ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് കുട്ടികളെ പ്രപ്തരാക്കുക

3.സ്വാതന്ത്രവായനക്ക് സജ്ജരാക്കുക.

4.സ്വാതന്ത്രമായ എഴുത്തിന് സജ്ജരാക്കുക.

5.സാങ്കേതിക വിദ്യാ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാവികാസത്തിന് ഉപയോഗിക്കുക.

നാടകീകരണം

കവിതാലാപനം

സംവാദസദസ്സുകൾ

ഈ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിന് വേണ്ടി ആസൂത്രണം ചെയ്ത് നടപ്പാക്കുവാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ

1.കുട്ടികൾക്ക് ഇംഗ്ലീഷിലുള്ള ഓഡിയോ- വീഡിയോ ക്ലിപ്പുകൾ കാണക്കുന്നതിനും കേൾപ്പിക്കുന്നതിനുമുള്ള അവസരങ്ങൾ ഒരുക്കുക.

2.ഓരോ ക്ലാസിലും ഇംഗ്ലീഷ് പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വായന കാർഡുകൾ തയ്യാറാക്കി നൽകുന്നു.

3.ഓരോ ക്ലാസിലേക്കും വായനയിൽ താൽപര്യം ജനിപ്പിക്കുന്ന തരത്തിലുള്ള ചെറിയ കഥ പുസ്തകങ്ങൾ, കവിത പുസ്തകങ്ങൾ സജ്ജീകരിക്കുക

4.എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലമായി വായിക്കുവാനും എഴുതുവാനുമുള്ള ശേഷി വികസിപ്പിക്കൽ.

5.ഇംഗ്ലീഷ് പത്രം, മാഗസിനുകൾ എന്നിവ കുട്ടികളെകൊണ്ട് തയ്യാറാക്കാനുള്ള പ്രവർത്തനങ്ങൾ

**മേഖല - അക്കാദമികം** ഉപമേഖല-ഇംഗ്ലീഷ്

**മേഖല - അക്കാദമികം** **ഉപമേഖല-ഇംഗ്ലീഷ്**

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങള് | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. | എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കാനും എുതാനുമുള്ള ശേഷി വികസിപ്പിക്കല് | 1.പഠനത്തിലെ കണ്ടെത്തൽ പ്രീ ടെസ്റ്റ് നടത്തി വിശകലനം ചെയ്ത് മികവുകളും , പരിമിതികളും കണ്ടെത്തുന്നു. | ജൂൺ-ജൂലൈ | ക്ലാസ് ടീച്ചർ | |
| | | 2.പരിമിതികൾ പരിഹരിക്കുന്നതിന് ആവശ്യമായ പ്രവർത്തന പാക്കേജ് തയ്യാറാക്കൽ. | സെപ്റ്റംബർ | ക്ലാസ് ടീച്ചർ, എസ്. ആർ.ജി | |
| | | 3.ഇംഗ്ലീഷ് അസംബ്ലി | | ക്ലാസ് ടീച്ചർ | |
| | | 4.ഇംഗ്ലീഷിലുള്ള ഡയറി കുറിപ്പ് | ആഴ്ചയിൽ ഒരു ദിവസം | | |
| 2. | ഇംഗ്ലീഷ് ഭാഷ സംസാരിക്കാനുള്ളകഴിവ് വർദ്ധിപ്പിക്കുക. | 5.ഒരു ദിവസം ഒരു ഭാഷ പരിപാടി എല്ലാ ക്ലാസിലും | മാസത്തിൽ രണ്ട് | ക്ലാസ് ടീച്ചർ | |
| 3. | ഇംഗ്ലീഷ് ഭാഷയോട് ആഭിമുഖ്യം വളർത്തല് | 6.ഇംഗ്ലീഷ് ക്ലാസ് , ലൈബ്രറി , വായനാ സാമഗ്രികൾ,ലഘുവായന, പുസ്തകം, പത്രം, | പ്രതിദിനം | ക്ലാസ് ടീച്ചർ | |
| | | 7.പതിപ്പുകൾ, മാഗസിൻ | ഒക്ടോബർ മുതൽ | ക്ലാസ് ടീച്ചർ<br>ക്ലാസ് ടീച്ചർ | |
| | | 8.രചനാ ശിൽപശാലകള് | | പി.ടി.എ<br>[illegible] | |

| | | | | | |
|---|---|---|---|---|---|
| 4. | ഇംഗ്ലീഷ് പദങ്ങൾ<br>കൂടുകൽ കുട്ടികളിൽ<br>എത്തിക്കുക | 9. A word a day<br>ഇംഗ്ലീഷ് ബാലസഭ<br>ഇംഗ്ലീഷ് അസംബ്ലി<br>രചനകൾ, പാട്ടുകള്, സ്കിറ്റ്<br>തുടങ്ങിയ പ്രവർത്തനങ്ങള്<br>ചെയ്യുന്നു. | ഒക്ടോബർമുത<br>ൽ<br>ഫെബ്രുവരി<br>എല്ലാ<br>ദിവസവും | ക്ലാസ് ടീച്ചർ | |
| 5. | ഇംഗ്ലീഷ് ഭാഷാ<br>നൈപുണ്യം<br>വർദ്ധിപ്പിക്കുക | ഇംഗ്ലീഷിൽ ലഘു പ്രസംഗങ്ങൾ<br>കഥ പറയൽ.<br>സെൽഫ് ഇൻഡ്രൊഡക്ഷന്<br><br>കേൾക്കാനും പറയാനും<br>ധാരാളം അവസരം നൽകുന്നു.<br>കഥകൾ റെക്കോർഡ് ചെയ്ത്<br>കേൾപ്പിക്കുന്നു.<br>ഇംഗ്ലീഷിൽ ആശയവിനിമയം . | സെപ്റ്റംബർ<br>മുതൽ | ക്ലാസ് ടീച്ചർ | |
| 6. | ഇംഗ്ലീഷ് സംസാര<br>ശേഷി വർദ്ധിപ്പിക്കുക | ഇംഗ്ലീഷ് ഗയിംസ്<br>ചെറിയ ഡിസ്ക്രിപ്ഷൻ<br>add more lines<br>picture description. | രണ്ട് വർഷം | ക്ലാസ് ടീച്ചർ | |
| 7 | ഇംഗ്ലീഷ് എഴുത്ത് | | രണ്ട് വർഷം | | |

അക്കാദമിക മാസ്റ്റർപ്ലാൻ
മേഖല- ഗണിതം

<u>ലക്ഷ്യങ്ങൾ</u>

1.ഗണിതത്തിലെ അടിസ്ഥാന ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
2.ദൈനംദിന ജീവിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും മറ്റു വിഷയങ്ങളുടെ പഠനത്തെ സഹായിക്കുന്ന ഗണിതശേഷികൾ നേടുന്നതിനും കഴിവ് വളർത്തുക.
3.ഗണിതം ആസ്വദിക്കുവാൻ കഴിയുന്ന തലത്തിലേക്ക് കുട്ടിയെ വളർത്തുക.
4.ഓരോ പ്രായത്തിലും കരിക്കുലം വിഭാവനം ചെയ്യുന്ന പഠനനേട്ടങ്ങൾ നേടി എന്ന ഉറപ്പുവരുത്തുക.
5.ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യകൾ ഗണിതപഠനത്തിനായി ഉപയോഗിക്കുക.

<u>പ്രവർത്തനങ്ങൾ</u>

<u>മുകളിൽ പറഞ്ഞ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് സാധ്യമായ പ്രവർത്തനങ്ങൾ</u>

1.ഓരോ ക്ലാസിലും ആവശ്യമായ ഗണിത കിറ്റുകൾ തയ്യാറാക്കുക.
2.മൂർത്ത വസ്തുക്കൾ, ചിത്രങ്ങൾ, കഥകൾ, പാട്ടുകൾ എന്നിവയുടെ സഹായത്താൽ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുക
3.ഗണിത രൂപങ്ങൾ തിരിച്ചറിഞ്ഞ് ശേഖരണ- നിർമ്മാണ പ്രവർത്തനങ്ങളിൽ

ഏർപ്പെടുന്നു.
4.കണക്കിലെ കളികൾ.
5.ക്ലോക്ക് ഉപയോഗിച്ച് സമയം കണക്കാക്കുന്നു.
6.വ്യത്യസ്ഥ അളവുകൾ പരിചയപ്പെടൽ (നീളം, ഭാരം, ഉള്ളളവ്), ഏകകങ്ങൾ പരിചയപ്പെടൽ
7.ഗണിത ക്ലബിൻറെ നേതൃത്വത്തിൽ ഗണിത മാഗസിൻ തയ്യാറാക്കൽ.
8.ചിത്ര പാറ്റേണുകൾ, ഒറിഗാമി എന്നിവയിലൂടെ ജ്യാമിതീയ രൂപങ്ങൾ പരിചയപ്പെടുത്തുന്നു
9.കളിപ്പെട്ടി പോലുള്ള പ്രവർത്തനങ്ങളിലൂടെ വിവര സാങ്കേതിക വിദ്യ ഗണിതവുമായി ബന്ധപ്പെടുത്തൽ.

| | | | | | |
|---|---|---|---|---|---|
| 4. | ഫലപ്രദമായി ചെയ്യുന്നതിനും പഠനനേട്ടം ഉറപ്പാക്കുന്നതിനും ഗണിത കോർണര് ഓരോ | നിർമ്മാണം, നിത്യ ജീവിതങ്ങളുമായി ഗണിതത്തെ ബന്ധപ്പെടുത്തുന്നു. | ഗണിത അധ്യാപിക, SRG, PTA | ജനുവരി | |
| 5. | ക്ലാസിലും. ഗണിത ദീർഘാടിസ്ഥാനത്തില് ലക്ഷ്യമിടുന്ന പ്രവർത്തനങ്ങള് ഗണിതപഠനം ഉല്ലാസപ്രദവും കൗതുകകരവുമാക്കൽ, | ഗണിത കോർണ്ണര് ഉൾപ്പെടുത്തേണ്ട പുസ്തകങ്ങൾ, ഗണിത പഠന സാമഗ്രികൾ, എന്നിവ ശേഖരിക്കൽ, ഗണിത കോർണര് സജ്ജീകരിക്കൽ. | PTA, SRG<br>അധ്യാപകർ, രക്ഷകർത്താക്കൾ | 3വർഷം<br>3വർഷം | |
| 6. | മുഴുവൻ കുട്ടികൾക്കും ഗണിതശേഷി ഉറപ്പാക്കുക. | ഗണിതലാബ് ഗണിത ലൈബ്രറി ഗണിത പ്രതിഭകളെ കണ്ടെത്തൽ | അധ്യാപകർ, രക്ഷകർത്താക്കൾ | 1വർഷം | |
| 7. | | ഉല്ലാസ ഗണിതം, ഗണിത വിജയം എന്നിവയിലെ പ്രവർത്തനങ്ങള് പാഠഭാഗവുമായി ബന്ധപ്പെടുത്തുക | | | |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങള് | ചുമതല | കാലയളവ് | സാമ്പത്തികം |
|---|---|---|---|---|---|
| 1. | 1 മുതൽ 4 വരെയുള്ള ക്ലാസുകളിലെ കുട്ടികളിൽ സംഖ്യാബോധം, ചതുഷ്ക്രിയകൾ ഇവ ഉറപ്പിക്കൽ | അബാക്കസ്,ഗണിതക്കിറ്റുകൾ,സംഖ്യാകാർഡുകള് തുടങ്ങിയ ഉപയോഗിച്ചുള്ളപ്രവർത്തനം. | ഗണിത അധ്യാപിക | ജൂൺ- ആഗസ്റ്റ് | |
| 2. | ദൂരം, നീളം, ഭാരം എന്നിവ അളക്കുന്നതിനുള്ള പ്രക്രീയാശേഷി വികസിപ്പിക്കുക. | ക്ലാസ് അന്തരീക്ഷം, വിദ്യാലയാന്തരീക്ഷം തുടങ്ങിയവ പാഠഭാഗങ്ങൾക്ക് അനുസൃതമായി വിഷയബന്ധിതമാക്കുക. | HM,SRG PTA | ജൂൺ- മാർച്ച് | |
| 3. | ഗണിത പ്രവർത്തന ഫലമായി ക്ലാസ്സ്മുറിയിൽ കുട്ടികൾ രൂപീകരിക്കുന്ന പാറ്റേണുകൾ,മാന്ത്രിക ചതുരങ്ങൾ ഇവ ഉൾപ്പെടുത്തി ഗണിതപതിപ്പ്, മാഗസിൻ. | പ്രക്രീയാശേഷി വികസനത്തിൻെറ നേരനുഭവങ്ങളിലേക്ക് | ഗണിത അധ്യാപിക | ഡിസംബർ | |
| | | ഗണിത വർക്ക്ഷോപ്പ് മാഗസിൻ തയ്യാറാക്കൽ | ഗണിത അധ്യാപിക, SRG, HM | ഡിസംബർ -ജനുവരി | |
| | ഗണിത താൽപര്യം വളർത്തല്. | ഗണിതശാസ്ത്രജ്ഞരുടെ ജീവചരിത്രങ്ങള്, ഗണിത കൗതുക. ഗണിത മാഗസിൻ, | | | |
| | ഗണിത | | | | |

**വിഷയം-പ്രവർത്തി പരിചയം** **പ്രവർത്തന വിശദാംശം**

**ലക്ഷ്യങ്ങൾ**

1.നിർമ്മാണവുമായി ബന്ധപ്പെട്ട കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.

2.ഇതരവിഷയ പഠനവുമായി പ്രവർത്തി പരിചയത്തെ ബന്ധിപ്പിക്കുക.

3.പഠനോപകരണങ്ങളോ മറ്റ് പ്രയോജനകരമായ വസ്തുക്കളോ നിർമ്മിക്കുവാനുള്ള കഴിവ് വികസിപ്പിക്കുക.

**പ്രവർത്തനങ്ങൾ**

തയ്യൽ, വെജിറ്റബിൾ പ്രിന്റിംഗ്, ഫേബ്രിക്ക് പെയിന്റിംഗ്, പൂക്കൾ നിർമ്മാണം, പേപ്പർ ബാഗ് നിർമ്മാണം, തുണി ബാഗ് നിർമ്മാണം, പഠനോപതരണ നിർമ്മാണം.

**കലാപഠനം**

• പാട്ട്, സംഗീതം, ചിത്രരചന തുടങ്ങിയ കലാപഠനങ്ങളിൽ ശിൽപ്പശാല നടത്തി അത്തരം കുട്ടികളുടെ കഴിവുകൾ കണ്ടെത്തി അവർക്ക് പ്രഗത്ഭ്യമുള്ളവരെ

വരുത്തി പരിശീലനം നൽകാനും തീരുമാനിച്ചു.

- മദ്യത്തിനും മയക്കുമരുന്നിനും എതിരായി പ്രഗത്ഭ്യമുള്ളവരെകൊണ്ട് ബോധവൽക്കരണ ക്ലാസ്സ് നടത്തുന്നു.
- ഗ്രീൻ പ്രോട്ടോക്കോൾ, ജൈവ വൈവിധ്യപാർക്ക് എന്നിവയുടെ സഹായം തേടുന്നു.
- പ്ലാസ്റ്റിക്ക് വിമുക്തമാക്കാൻ ഇവ പ്രത്യേകമായി ശേഖരിച്ച് പ്രത്യേക സ്ഥലത്ത് എത്തിക്കുന്നു.
- ഐ.സി.ടി സാധ്യത വേണ്ട വിധം പ്രയോജനപ്പെടുത്തി കുട്ടികൾക്ക് പഠനം ആകർഷകമാക്കുന്നു.
- ഭിന്നശേഷിക്കാരെ അവരുടേതായ നിലവാരത്തിന് അനുസരിച്ചുള്ള പ്രവർത്തനങ്ങൾ നല്കി മികവിലേക്ക് എത്തിക്കുന്നു.
- ക്ലാസ്സ് സമയം അല്ലാത്ത സമയങ്ങളിൽ ഇത് പ്രയോജനപ്പെടുത്തുന്നു.

## ഉപസംഹാരം

പഴങ്ങാലം എൽ. പി. എസ്സ് സ്കൂളിനെ മികവിൻറെ കേന്ദ്രമാക്കുവാൻ ലക്ഷ്യം വച്ചുകൊണ്ടുള്ള എന്ന അക്കാദമിക പ്ലാൻ തയ്യാറാക്കുന്നതിനുവേണ്ടി സഹായിച്ച പി.ടി.എ ഭാരവാഹികൾ, അധ്യാപകർ എല്ലാവരോടുമുള്ള നന്ദി അറിയിക്കുന്നു.